**തിരുവനന്തപുരം സിറ്റി പോലീസ്**

**പത്രക്കുറിപ്പ്**

# വയോധികനു നേരെ വധശ്രമം: രണ്ടു പ്രതികൾ പിടിയിൽ

**കോവിഡ്-19**

# വിലക്ക് ലംഘനം: 112 പേർക്കെതിരെ നിയമനടപടി 39,000/- രൂപ പിഴ ഈടാക്കി

തിരുവനന്തപുരം:- വിഴിഞ്ഞം സ്വദേശിയായ വയോധികനെ മർദ്ദിച്ച് കൊലപ്പെടുത്താൻ ശ്രമിച്ച സംഘത്തിലെ രണ്ട് പേരെ പോലീസ് പിടികൂടിയതായി ഐ.ജി.പി-യും തിരുവനന്തപുരം സിറ്റി പോലീസ് കമ്മീഷണറുമായ ബൽറാംകുമാർ ഉപാദ്ധ്യായ അറിയിച്ചു. വിഴിഞ്ഞം കരയടിവിള കൈതവിളാകം വീട്ടിൽ ഷെഫിൻ(23), വെങ്ങാനൂർ കൈതവിളാകം ആരതി ഭവനിൽ ജഗൻ എന്ന് വിളിക്കുന്ന അഖിരാജ് (22) എന്നിവരെയാണ് വിഴിഞ്ഞം പോലീസ് അറസ്റ്റ് ചെയ്തത്. കഴിഞ്ഞ 17 ന് വൈകുന്നേരം 07.00 മണിക്കാണ് സംഭവം. വിഴിഞ്ഞം കോട്ടപ്പുറം സ്വദേശിയായ 63 വയസ്സുള്ള പാസ്റ്റർ ജാക്സനെയാണ് 8 അംഗ സംഘം ഹെൽമറ്റും തടികക്ഷണങ്ങളും ഉപയോഗിച്ച് ക്രൂരമായി മർദ്ദിച്ചത്. തലയ്ക്കും കണ്ണിനും സാരമായ



വിഴിഞ്ഞം പോലീസ് അറസ്റ്റ് ചെയ്ത ഷെഫിൻ(23), അഖിരാജ് @ ജഗൻ(22)

പരിക്കേറ്റ പാസ്റ്റർ ചികിത്സയിലാണ്. സ്ഥലത്തെ സാമൂഹിക വിരുദ്ധ പ്രവർത്തനങ്ങൾ ചോദ്യം ചെയ്തതിനാണ്, സംഘം ഇത്തരത്തിൽ വയോധികനെ ആക്രമിച്ചത്. സംഭവത്തിനുശേഷം ഒളിവിൽ പോയ പ്രതികളെ പിടികൂടുവാൻ ഡി.സി.പി ഡോ.ദിവ്യ.വി.ഗോപിനാഥിന്റെ നിർദ്ദേശ പ്രകാരം പ്രത്യേക ടീം രൂപീകരിച്ച് നടത്തിയ

അന്വേഷണത്തിലാണ് 1-ഉം, 2-ഉം പ്രതികളായ ഇവരെ ഇന്നലെ പിടികൂടിയത്. വിഴിഞ്ഞം എസ്.എച്ച്.ഒ പ്രവീൺ, എസ്.ഐ. സജി, സി.പി.ഒ മാരായ കൃഷ്ണകുമാർ, അജികുമാർ എന്നിവരടങ്ങിയ പോലീസ് സംഘമാണ് അന്വേഷണത്തിനും അറസ്റ്റിനും നേതൃത്വം നൽകിയത്. കോടതിയിൽ ഹാജരാക്കിയ പ്രതികളെ റിമാൻഡ് ചെയ്തു. ഈ കേസിലെ മറ്റു പ്രതികളെ പിടികൂടുവാനുള്ള അന്വേഷണം ഊർജ്ജിതമാക്കിയതായും കമ്മീഷണർ അറിയിച്ചു.

## കോവിഡ് സുരക്ഷാ കേസ് വിവരം

തിരുവനന്തപുരം നഗരത്തിൽ പോലീസ് ഇന്നലെ (21.11.2020) നടത്തിയ പരിശോധനയിൽ കോവിഡ് സുരക്ഷാ വിലക്ക് ലംഘനം നടത്തിയ 112 പേർക്കെതിരെ നിയമനടപടി സ്വീകരിച്ചു. രോഗവ്യാപനം ഉണ്ടാക്കുന്ന തരത്തിൽ വിലക്ക് ലംഘനം നടത്തിയ 16 പേർക്കെതിരെ എപ്പിഡെമിക് ഡിസീസസ് ഓർഡിനൻസ്-2020 പ്രകാരമാണ് കേസെടുത്തത്. മാസ്ക് ധരിക്കാത്തതിന് 76 പേരിൽ നിന്നും സാമൂഹിക അകലം പാലിക്കാത്ത 2 പേരിൽ നിന്നുമായി 39,000/- രൂപ പിഴ ഈടാക്കി. കൂടാതെ സാമൂഹിക അകലം പാലിക്കാതെയും, കോവിഡ് പ്രോട്ടോക്കോൾ അനുസരിക്കാതെയും പ്രവർത്തിച്ച 16 കടകൾക്കെതിരെയും, മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കാതെ സർവ്വീസ് നടത്തിയ 2 വാഹനങ്ങൾക്കെതിരെയും ഇന്നലെ നിയമനടപടി സ്വീകരിച്ചു.

തിരുവനന്തപുരം സിറ്റി
21-11-2020

**ഐ ജി പി & കമ്മീഷണർക്ക് വേണ്ടി**

21/11/20

പബ്ലിക് റിലേഷൻസ് ഓഫീസർ
തിരുവനന്തപുരം സിറ്റി